ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, നാലു വർഷം മുൻപ് പണി തുടങ്ങിയ പോളിക്ലിനിക്കിന്റെ പണി പൂർത്തിയായിട്ടുണ്ട്. പഴയ കെട്ടിടത്തിന്റെ ചോർച്ചയെപ്പറ്റി ഇതുവരെ ഗവൺമെന്റിന് പരാതി ലഭിച്ചിട്ടില്ല. ഏതെങ്കിലും പരാതി ഗവൺമെന്റിന്റെ മുൻപിൽ വന്നാൽ അറ്റകുറ്റപ്പണികളും നടത്താനുള്ള നിർദ്ദേശം പൊതുമരാമത്തുവകുപ്പിന് കൊടുക്കുന്നതാണ്. ആവശ്യമായ മരുന്നും മറ്റ് ഉപകരണങ്ങളും ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്ന് വിതരണം ചെയ്യുന്നുണ്ട്. അത്യാവശ്യമായ മറ്റ് മരുന്നുകളും പുറമേ നിന്ന് വാങ്ങാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

24. 1971—ലെ നിക്ഷിപ്ത വന നിയമത്തിൽപ്പെട്ട കുടിയാൻമാർക്ക് പട്ടയം നൽകൽ

ശ്രീ. ടി. കെ. ഹംസ: സർ, 1977 ജനുവരിക്ക് മുൻപുള്ള കുടിയാൻമാർക്ക് സ്ഥിരാവകാശം നൽകുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിൽ നിക്ഷിപ്ത വനനിയമത്തിലെ കുടിയാൻമാർ ഉൾപ്പെടുന്നില്ല എന്നുള്ളതാണ് സ്ഥിതി. യഥാർത്ഥത്തിൽ 1971—ലെ നിക്ഷിപ്ത വനനിയമത്തിൽപ്പെട്ട കുടിയാൻമാർക്ക് മുൻപുതന്നെ കേരള ഭൂപരിഷ്ക്കരണ നിയമം 7—ാം വകുപ്പ് (ഡി) സംരക്ഷണം നൽകിയിട്ടുണ്ട്. അവരെയാണ് നിലമ്പൂരിലും മറ്റും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ യാതൊരു ദയാദാക്ഷിണ്യവുംകൂടാതെ കുടിയിറക്കുന്നത്. വെസ്റ്റിംഗ് അസൈൻമെന്റ് ആക്ടിൽ തന്നെ 5—ാം വകുപ്പ് പ്രകാരം അൺ ഓതറൈസ്ഡ് ഓക്കുപ്പേഷനാ മാത്രമേ കൊടുക്കാൻ പാടുള്ളൂ എന്നുണ്ട്. ഇത് അൺ—ഓതറൈസ്ഡ് ഓക്കുപ്പേഷനല്ല; അവർക്ക് ലാൻഡ് ബോർഡിന്റെ പട്ടയവും റേഷൻകാർഡും ഉണ്ട്, നികുതി അടയ്ക്കുന്നുമുണ്ട്. അത് അൺ ഓതറൈസ്ഡ് ഓക്കുപ്പേഷനല്ല; ജൻമിമാരനുവദിച്ച പ്രകാരവും മറ്റ് ആനുകൂല്യപ്രകാരവും നിലനിൽക്കുന്ന കുടിയാൻമാരാണ്. അവരേയും, സ്വകാര്യവനത്തിലേയും റിസർവ് വനത്തിലേയും കുടിയാൻമാരേയും രണ്ടുതരത്തിൽ കാണാൻ പാടില്ല. തുല്യമായ സമീപനംകൊണ്ട് അവർക്ക് പട്ടയം നൽകണം. ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ ഇവരെ ഇറക്കുന്നത് നിർത്തിവയ്ക്കാൻ മന്ത്രി നടപടികൾ സ്വീകരിക്കണം.

വനംവകുപ്പു മന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ): സർ, ഈ വിഷയത്തിൽ നിയമപരവും സാങ്കേതികവുമായ ചില പ്രശ്നങ്ങളുണ്ട്. എന്നിരുന്നാൽ പോലും മലബാർ മേഖലയിൽ ഇത് ഒരു പ്രശ്നം തന്നെയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തെക്കുറിച്ച് വിശദമായി പഠിച്ച് അടുത്ത നിക്ഷിപ്ത വനഭൂമി കമ്മിറ്റിയുടെ മുൻപിൽ റിപ്പോർട്ട് സമർപ്പിക്കാൻ വെസ്റ്റേൺ ഫോറസ്റ്റിന്റെ കസ്റ്റോഡിയനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് കിട്ടി, ചർച്ച നടത്തി അതിന്റെ അടിസ്ഥാനത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് നോക്കാം.

25. തൃശ്ശൂരിലെ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണലിന്റെ പ്രവർത്തനം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, നമ്മുടെ ജനാവിലേക്ക വർഷംതോറും വരുമാനം ഉണ്ടാക്കുന്ന നീതിനിർവ്വഹണവകുപ്പിന് അർഹമായ പരിഗണന ലഭിക്കുന്നില്ല എന്ന പരാതി പരക്കെയുണ്ട്. പൊതു

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെ നിരന്തരമായ നിവേദനത്തിന്റെ ഫലമായി 1984-ൽ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ തൃശ്ശൂരിൽ പ്രവർത്തനം ആരംഭിച്ചു. ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ട് അതിന്റെ പ്രവർത്തനം നിറുത്തിവയ്ക്കാൻ പോകുന്നുവെന്ന് അടുത്തദിവസം പത്ര വാർത്തയുണ്ടായിരുന്നു. മോട്ടോർ അപകടങ്ങൾ വളരെയേറെ വർദ്ധിച്ചിരിക്കുന്ന ഈ സമയത്ത് അപകടങ്ങളിൽപെട്ട് മരിച്ചവരുടെ ആശ്രിതർക്കും അംഗഭംഗം വന്നവർക്കും ആശ്വാസം നൽകുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നിറുത്തിയാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണം. തൃശ്ശൂർ ബാർ അസോസിയേഷൻ നടത്തിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ ലൈൻസിൽ തക്കതായ സ്ഥലം ഉണ്ടാക്കുന്നതിന് നടപടികൾ കൈക്കൊള്ളണം.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഈ ആഫീസ് ഇപ്പോൾ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൂടുതൽ സൗകര്യപ്രദമായ മറ്റൊരു വാടക കെട്ടിടത്തിലേക്ക് ഈ ആഫീസ് മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്. കെട്ടിട ഉടമ പി.ഡബ്ലിയു.ഡി. റേറിനേക്കാൾ ഉയർന്ന വാടക ആവശ്യപ്പെടുന്നതുകൊണ്ടാണ് ഇക്കാര്യത്തിൽ കാലതാമസം വരുന്നത്. ഈ വാടക നിശ്ചയിക്കുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ട്രൈബ്യൂണലിന്റെ ഓഫീസ് തൃശ്ശൂർ സിവിൽ സ്റ്റേഷനിലാക്കാൻ കഴിയുമോ എന്ന കാര്യവും പരിഗണിക്കും.

26. കാനം ഗവൺമെന്റ് എസ്.വി.എൽ.പി. എസ്. ന്റെ പുതിയ കെട്ടിടത്തിന്റെ പണി

ശ്രീ. കാനം രാജേന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപെട്ട കാനം ഗവൺമെന്റ് എസ് വി:എൽ.പി.എസ്. ന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ച് 3 വർഷമായി. അതിന്റെ പണി പൂർത്തിയാക്കിയിട്ടില്ല. നാട്ടുകാർ നിർമ്മിച്ചുകൊടുത്ത ഒരു താൽക്കാലിക ഷെഡ്ഡിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. പി.ഡബ്ലിയു.ഡി. യിൽ നിന്നും നോട്ടീസ് കൊടുക്കുകയും എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ നേരിട്ടു കോൺട്രാക്ടറെ കണ്ട് സംസാരിക്കുകയും ചെയ്തിട്ടും കഴിഞ്ഞ 6 മാസക്കാലമായി കോൺട്രാക്ടർ ആ വഴിക്ക് വരികയോ പണി നടത്തുകയോ ചെയ്തിട്ടില്ല. ആ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഈ എൽ.പി. എസ്. ഒരു ലക്ഷത്തിഇരുപത്തി മൂന്നായിരത്തി അറുന്നൂറ്റി അൻപത്തിമൂന്ന് രൂപയുടെ വർക്കുള്ളതാണ്. ഒരു ബില്ല് കോൺട്രാക്ടർക്ക് കൊടുത്തിട്ടുണ്ട്. 1984-നു ശേഷം കോൺട്രാക്ടർ അങ്ങോട്ട് തിരിഞ്ഞു നോക്കിയിട്ടില്ല എന്നുള്ളത് സത്യമാണ്. കഴിഞ്ഞ 19-7-1986-ൽ അവസാനമായി കോൺട്രാക്ടർക്ക് നോട്ടീസ് നൽകിയിരിക്കുകയാണ്. അതിന്റെ പരിധി കഴിഞ്ഞാൽ മറ്റു നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly